# കേരള സർവകലാശാല

നം. പി.ആർ.047/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

### സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ യോഗ & മെഡിറ്റേഷൻ കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : പ്രീഡിഗ്രി/ പ്ലസ്ടു ജയം. ഫീസ് 6000/- രൂപ. അപേക്ഷ ഫീസ് 100 രൂപ. ക്ലാസ്സുകൾ തിങ്കൾ മുതൽ വെള്ളി വരെ വൈകുന്നേരം അഞ്ച്(5) മണി മുതൽ ഏഴ് (7) മണി വരെ. അവസാന തീയതി മാർച്ച് 15 വൈകുന്നേരം മൂന്ന് മണി വരെ. വിശദ വിവരങ്ങൾക്ക് തിരുവനന്തപുരം പി.എം.ജി ജംഗ്ഷനിലുള്ള തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രവുമായി ബന്ധപ്പെടുക ഫോൺ : 0471-2302523.

### മാജിക്കൽ ആർട്സ് കോഴ്സ് തീയതി നീട്ടി

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെയും (സി.എ.സി.ഇ.ഇ) മാജിക്ക് അക്കാദമിയുടേയും സംയുക്ത സംരംഭമായ ഡിപ്ലോമ ഇൻ മാജിക്കൽ ആർട്സ് കോഴ്സിന് അപേക്ഷിക്കാനുള്ള തീയതി മാർച്ച് 15 വരെ നീട്ടി. പൂജപ്പുര മാജിക് അക്കാദമിയിൽ വച്ചാണ് ക്ലാസുകൾ നടക്കുന്നത്. എസ്.എസ്.എൽ.സി-യോ തത്തുല്യമോ പാസ്സായവർക്കോ കേരള സർവകലാശാലയുടെ സർട്ടിഫിക്കറ്റ് ഇൻ മാജിക്കൽ ആർട്സ് കോഴ്സ് പാസ്സായവർക്കോ അഥവാ മാജിക്ക് രംഗത്ത് പ്രവർത്തിച്ച് പരിചയമുള്ളവർക്കോ കോഴ്സിന് അപേക്ഷിക്കാം. കാലാവധി ആറ് (6) മാസം, കുറഞ്ഞ പ്രായപരിധി : 18 വയസ്, ഫീസ് 11500/- രൂപ. വിശദ വിവരങ്ങൾക്ക് ഫോൺ :0471-2358910, 2302523, 9446078635

### എം.എ. മാർക്ക്ലിസ്റ്റുകൾ കൈപ്പറ്റണം

കേരള സർവകലാശാല വിദൂര വിദ്യാഭ്യാസ വിഭാഗം 2016 ജൂലായ്/ ആഗസ്റ്റിൽ നടത്തിയ എം.എ മലയാളം പ്രീവിയസ്, ഫൈനൽ (റെഗുലർ / റീ അപ്പിയറൻസ്) പരീക്ഷയുടെ മാർക്ക്ലിസ്റ്റുകൾ മാർച്ച് ആറ്,ഏഴ് തീയതികളിൽ പാളയം എസ്.ഡി.ഇ ഓഫീസിൽ നിന്ന് ഹാൾടിക്കറ്റും ഡിഗ്രി കോപ്പിയും സഹിതം വന്ന് കൈപ്പറ്റേണ്ടതാണ്

### ഹാജർ പട്ടിക സമർപ്പിക്കണം

കേരള സർവകലാശാല ഏപ്രിൽ 17-ന് ആരംഭിക്കുന്ന ആറാം സെമസ്റ്റർ ബി.എ/ബി.എസ്സി/ബി.കോം സി.ബി.സി.എസ്.എസ്. /കരിയർ റിലേറ്റഡ് വിദ്യാർത്ഥികളുടെ ഹാജർ പട്ടിക ഏപ്രിൽ പത്തിനകം സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. ഹാജർ പട്ടിക സമർപ്പിക്കാത്ത കോളേജുകളിലെ ഹാൾടിക്കറ്റ് നൽകുന്നതല്ല.

## ബി.കോം (ആന്വൽ സ്കീം) സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2016 ഡിസംബർ 29-ന് പ്രസിദ്ധീകരിച്ച ഒന്നും രണ്ടും വർഷ ബി.കോം (ആന്വൽ സ്കീം) പരീക്ഷയുടെ പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും അപേക്ഷിക്കാനുള്ള അവസാന തീയതി മാർച്ച് ഒമ്പത് വരെ നീട്ടി. പ്രൈവറ്റ് രജിസ്ട്രേഷൻ മെമ്മോ ലഭിക്കാത്ത ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് കരട് മാർക്ക്ലിസ്റ്റ് (www.de.keralauniversity.ac.in) എന്ന വെബ്സൈറ്റിൽ നിന്ന് ലഭിക്കും.

## പരീക്ഷാഭീതി അകറ്റുവാൻ ടെലിഫോൺ കൗൺസലിംഗ്

കേരള സർവകലാശാല തുടർ വിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെയും സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആൻഡ് ലൈഫ് ലോംഗ് എജ്യുക്കേഷൻ കേരള (സ്കോൾ കേരള)-യുടേയും സംയുക്താഭിമുഖ്യത്തിൽ ഹയർ സെക്കൻഡറി പരീക്ഷയെഴുതുന്ന വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും വേണ്ടി ടെലിഫോൺ കൗൺസലിംഗ് നൽകുന്നു. പരീക്ഷഭീതി അകറ്റി ആത്മവിശ്വാസത്തോടെ പരീക്ഷയെഴുതാൻ വിദ്യാർത്ഥികളെ സജ്ജരാക്കുക എന്നതാണ് ലക്ഷ്യം. സർവകലാശാല പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണിമുതൽ വൈകുന്നേരം അഞ്ച് മണിവരെ സേവനം ലഭ്യമാണ്. ഫോൺ : 0471 – 2302524.

തിരുവനന്തപുരം.
03.03.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098